**ഓൺലൈൻ ജനറൽ ട്രാൻസ്ഫർ 2023 – കരട് പട്ടിക**

"ഭരണഭാഷ - മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

(കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, ലേബർ കോംപ്ലക്സ്, വികാസ് ഭവൻ. പി.ഒ, തിരുവനന്തപുരം.

നമ്പർ: **DT/488/2022-A2** തീയതി: **04.07.2023**

# ചുറ്ററിയിപ്പ്

**വിഷയം:-** വ്യാവസായിക പരിശീലന വകുപ്പ് – ട്രെയിനിംഗ് ഡയറക്ടറേറ്റ് – ജീവനക്കാര്യം – ഓൺലൈൻ ജനറൽ ട്രാൻസ്ഫർ 2023 – കരട് പട്ടിക പ്രസിദ്ധീകരണം – അപ്പീലുകളുടെ സമർപ്പണം – സംബന്ധിച്ച്.

**പരാമർശം:-** 1) സർക്കാർ ഉത്തരവ് (പി) നമ്പർ. 03/2017/ഉ.ഭ.പ.വ., തീയതി: 25.02.2017
2) സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 842/2022/തൊഴിൽ, തീയതി: 16.07.2022
3) ട്രെയിനിംഗ് ഡയറക്ടറുടെ 13.06.2023-ലെ ഇതേ നമ്പർ വിജ്ഞാപനം
4) ട്രെയിനിംഗ് ഡയറക്ടറുടെ 19.06.2023-ലെ ഇതേ നമ്പർ വിജ്ഞാപനം

പരാമർശം (3) പ്രകാരം വകുപ്പിലെ 41 കേഡറുകളിൽ 2023 വർഷത്തെ ജനറൽ ട്രാൻസ്ഫർ സ്പാർക്ക് മുഖേന ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. ആയതിൽ 3 കേഡറുകൾ ഓൺലൈൻ ട്രാൻസ്ഫർ നടപടിയിൽ നിന്നും പരാമർശം (4) പ്രകാരം ഒഴിവാക്കി. ബാക്കി 38 കേഡറുകളിൽ ചുവടെപ്പറയുന്ന 26 കേഡറുകളിലെ ജീവനക്കാർ ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി കേഡറുകളിലെ 2023 ജനറൽ ട്രാൻസ്ഫറിന്റെ കരട് പട്ടിക ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. ടി കരട് പട്ടികകളിന്മേൽ അപ്പീലുകൾ ഉള്ള പക്ഷം ആയവ ചുവടെപ്പറയുന്ന സമയക്രമവും, നിർദ്ദേശങ്ങളും പാലിച്ച് സ്ഥാപനമേധാവികൾ വകുപ്പ് മേധാവിയുടെ കാര്യാലയത്തിൽ മെയിൽ മുഖേന അയച്ചുതരേണ്ടതാണ്.

| | |
|---|---|
| ജീവനക്കാർ സ്ഥാപനമേധാവിക്ക് മുമ്പാകെ അപ്പീലുകൾ സമർപ്പിക്കേണ്ട തീയതി | 05.07.2023 മുതൽ 10.07.2023 വൈകുന്നേരം 5 മണി വരെ |
| സ്ഥാപന മേധാവികൾ അപ്പീലുകൾ വകുപ്പ് മേധാവിയുടെ കാര്യാലയത്തിൽ **മെയിൽ മുഖേന** സമർപ്പിക്കേണ്ട തീയതി | 11.07.2023 രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ |
| അന്തിമ പട്ടിക / ഉത്തരവ് പ്രസിദ്ധീകരിക്കുന്ന തീയതി | 20.07.2023 |

| SL. No. | Cadre Code | Cadre Name |
|---|---|---|
| 1 | 1021 | Inspector of Training |
| 2 | 1033 | Principal Class I |
| 3 | 1034 | Principal Class II |
| 4 | 1036 | Senior Superintendent |
| 5 | 1018 | Group Instructor |
| 6 | 1026 | Junior Superintendent |
| 7 | 1040 | UD Store Keeper |
| 8 | 1027 | LD Store Keeper |

**ഓൺലൈൻ ജനറൽ ട്രാൻസ്ഫർ 2023 – കരട് പട്ടിക**

| | | |
|---|---|---|
| 9 | 1038 | Store Attender |
| 10 | 1008 | Clerk |
| 11 | 5009 | Junior Instructor (Arithmetic Cum Drawing) |
| 12 | 1028 | LD Typist |
| 13 | 1014 | Dresser |
| 14 | 5081 | Workshop Attender (Tool & Die Maker) |
| 15 | 5086 | Workshop Attender (Fitter) |
| 16 | 5093 | Workshop Attender (Plumber) |
| 17 | 5098 | Workshop Attender (Turner) |
| 18 | 5099 | Workshop Attender (Welder) |
| 19 | 5079 | Workshop Attender (Electrician) |
| 20 | 5083 | Workshop Attender (Carpenter) |
| 21 | 5078 | Workshop Attender (Draughtsman Civil) |
| 22 | 5100 | Workshop Attender (Computer HardWare & Network Maintenance) |
| 23 | 5084 | Workshop Attender (Computer Operator & Programming Assistant) |
| 24 | 5089 | Workshop Attender (Machinist) |
| 25 | 5091 | Workshop Attender (Mechanic Diesel) |
| 26 | 1015 | Driver Grade II (LDV) |

പരാമർശം (2) പ്രകാരം 01.09.2022 മുതലുള്ള ഒഴിവുകളിൽ ഓൺലൈൻ മുഖേനയാണ് സ്ഥലംമാറ്റം നടത്തേണ്ടത് എന്നതിനാൽ, വകുപ്പിൽ 01.09.2022-ന് ശേഷം ഉണ്ടായ തുറന്ന ഒഴിവുകളിൽ അർഹതപ്പെട്ടവർക്ക് സ്ഥലംമാറ്റം നൽകാതെയാണ് ക്രമനമ്പർ. 1 മുതൽ 13 വരെയുള്ള കേഡറുകളിൽ സ്ഥാനക്കയറ്റവും, പി.എസ്.സി നിയമനവും നൽകിയിട്ടുള്ളത്. ഇത്തരത്തിൽ നടത്തിയിട്ടുള്ള സ്ഥാനക്കയറ്റവും, പി.എസ്.സി നിയമനവും ജനറൽ ട്രാൻസ്ഫർ 2023-ൽ പുനഃപരിശോധിക്കുന്നതാണെന്ന വ്യവസ്ഥയിലാണ് നടത്തിയിട്ടുള്ളത്. ആയതിനാൽ 01.09.2022-ന് ശേഷം നടന്ന സ്ഥാനക്കയറ്റങ്ങളിലെയും, പി.എസ്.സി നിയമനങ്ങളിലെയും ഒഴിവുകളും ജനറൽ ട്രാൻസ്ഫർ 2023-ൽ തുറന്ന ഒഴിവുകളായി പരിഗണിച്ചിരുന്നു.

എന്നാൽ 01.09.2022-ന് ശേഷം സ്ഥാനക്കയറ്റവും, പി.എസ്.സി നിയമനവും ലഭിച്ച ജീവനക്കാർ പ്രസ്തുത സ്ഥാപനങ്ങളിൽ നിലനിൽക്കുന്നതിനാൽ ടി തുറന്ന ഒഴിവുകൾ സ്പാർക്കിൽ open vacancy ആയി കാണിക്കില്ല. ടി സാഹചര്യത്തിൽ ക്രമനമ്പർ. 3 മുതൽ 10 വരെയുള്ള കേഡറുകളിൽ ടി തുറന്ന ഒഴിവുകൾ കൂടി കണക്കിലെടുത്ത് തയ്യാറാക്കിയ കരട് പട്ടികകളാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. 01.09.2022-ന് ശേഷം സ്ഥാനക്കയറ്റമോ, പി.എസ്.സി നിയമനമോ നടത്താതിനാൽ ക്രമനമ്പർ. 11 മുതൽ 19 വരെയുള്ള കേഡറുകളിൽ സ്പാർക്ക് ജനറേറ്റഡ് കരട് പട്ടികകളാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ക്രമനമ്പർ. 20 മുതൽ 26 വരെയുള്ള കേഡറുകളിൽ അർഹരായ അപേക്ഷകരില്ലാത്തതിനാൽ സ്പാർക്ക് കരട് പട്ടികകൾ ജനറേറ്റ് ചെയ്തിട്ടില്ല. ക്രമനമ്പർ. 1, 2 കേഡറുകളിലെ തുടർനടപടികൾ സർക്കാർ തലത്തിൽ

സ്വീകരിക്കുന്നതാണ്. ഹെഡ് ക്ലാർക്ക് തസ്തികയിൽ അപേക്ഷകരില്ലാത്തതിനാൽ 01.09.2022-ന് ശേഷം സ്ഥാനക്കയറ്റം ലഭിച്ചവരുടെ പുനഃക്രമീകരിച്ചതിന്റെ കരട് പട്ടികയും പ്രസിദ്ധീകരിക്കുന്നു.

1 ടി കരട് പട്ടികകളിന്മേൽ പ്രസ്തുത കേഡറുകളിൽ ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിച്ചവർക്കും, കരട് പട്ടികയിൽ ഉൾപ്പെട്ടവർക്കും അനുബന്ധരേഖകൾ സഹിതം സ്ഥാപനമേധാവിക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

2 പ്രസ്തുത കേഡറുകളിലെ ജീവനക്കാരിൽ ആർക്കെങ്കിലും അനുകമ്പാർഹമായ പരിഗണന ലഭ്യമാകേണ്ടതുണ്ടെങ്കിൽ അനുബന്ധ രേഖകൾ സഹിതം സ്ഥാപനമേധാവിക്ക് അപേക്ഷ / അപ്പീൽ സമർപ്പിക്കാവുന്നതാണ്.

3 പരാമർശം (1) ഖണ്ഡിക. 4-ലെ ചുവടെപ്പറയുന്ന വ്യവസ്ഥകൾ പാലിക്കുന്നുണ്ടെങ്കിൽ മാത്രം അനുകമ്പാർഹമായ അപേക്ഷകൾ / അപ്പീലുകൾ സ്ഥാപനമേധാവികൾക്ക് സ്വീകരിക്കാവുന്നതാണ്.

*i. ഗുരുതരമായ ഏതെങ്കിലും അസുഖമോ (ഗുരുതരമായ അസുഖങ്ങൾ എന്നത് ഗുരുതരമായ രോഗങ്ങളായ ക്യാൻസർ, ഹൃദ്രോഗം പക്ഷാഘാതം എന്നിവയും കരൾ, വൃക്ക എന്നിവ ദാനം ചെയ്തവർ, അവയവം മാറ്റിവയ്ക്കലിന് വിധേയരായവർ) അപകടമോ മൂലം ഒരു ജീവനക്കാരന് സ്ഥായിയായ അവശത സംഭവിക്കുകയും ആയത് മൂലം ജീവനക്കാരന് പരസഹായത്തിനായി ആശ്രയിക്കേണ്ടതായി വരുക.*

*ii. വിദഗ്ധ ചികിത്സ മറ്റൊരിടത്തും ലഭ്യമല്ലായെന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വകുപ്പ് തലവൻ സാക്ഷ്യപ്പെടുത്തുക.*

*iii. ജീവനക്കാരന്റെ ഭാര്യയ്ക്കോ (ജീവനക്കാരിയാണെങ്കിൽ ഭർത്താവിനോ) ഗുരുതരമായ രോഗം പിടിപ്പെട്ടതും ജീവനക്കാരനെ പൂർണ്ണമായും ആശ്രയിച്ച് കഴിയുന്നതുമായ മകനോ, മകൾക്കോ, മാതാവിനോ, പിതാവിനോ ജീവനക്കാരന്റെ/ജീവനക്കാരിയുടെ സാന്നിദ്ധ്യവും പരിചരണവും അത്യാന്താപേക്ഷിതമാണെന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വകുപ്പ് തലവൻ സാക്ഷ്യപ്പെടുത്തുമ്പോൾ.*

4 ജീവനക്കാരിൽ നിന്നും ലഭിക്കുന്ന അപ്പീലുകൾ സ്ഥാപനമേധാവികൾ അനുബന്ധ രേഖകൾ സഹിതം **11.07.2023**-ന് **itdonlinetransfer@gmail.com**-ൽ മാത്രം ആമുഖ കത്ത് മുഖേന അയച്ചുതരേണ്ടതാണ്. 11.07.2023-ന് മുമ്പോ അതിന് ശേഷമോ അയയ്ക്കുന്ന അപ്പീലുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ആയതുപോലെ മറ്റ് മെയിലുകളിൽ അയയ്ക്കുന്ന അപ്പീലുകളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

5 ഓരോ കേഡറുകളിലെയും അപ്പീലുകൾ ഒരുമിച്ച് പ്രത്യേകം ആമുഖ കത്തുകൾ മുഖേന മാത്രമേ അയയ്ക്കുവാൻ പാടുള്ളൂ. ഓരോ ആമുഖ കത്തും ഓരോ പി.ഡി.എഫ് ഫയലാക്കി, എല്ലാ പി.ഡി.എഫ് ഫയലും കൂടി 11.07.2023-ന് ഒരു തവണ മാത്രം മെയിൽ ചെയ്യേണ്ടതാണ്.

**ജോയിന്റ് ഡയറക്ടർ**

**ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി**

ഉള്ളടക്കം:- കരട് പട്ടികകൾ